പതിന്നാലാം കേരള നിയമസഭ

പത്താം സമ്മേളനം

# റേഡിയോളജിസ്റ്റിനെ നിയമിക്കാൻ നടപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5878 28.03.2018-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) മട്ടാഞ്ചേരിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ റേഡിയോളജിസ്റ്റ് ഇല്ലാത്തതിനാൽ പുതുതായി വാങ്ങിയ അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ പ്രവർത്തിപ്പിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീൻ 10/05/2010 മുതൽ പ്രവർത്തിച്ചു വരുന്നു. റേഡിയോളജിസ്റ്റിന്റെ സ്ഥിരം തസ്തിക നിലവിലില്ല. കോൺട്രാക്ട് അടിസ്ഥാനത്തിലാണ് റേഡിയോളജിസ്റ്റിനെ നിയമിച്ചിരുന്നത്. എന്നാൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിരുന്ന റേഡിയോളജിസ്റ്റ് ജോലി വിട്ടു പോയി. |
| (ബി) പ്രസ്തുത ആശുപത്രിയിൽ എത്തിച്ചേരുന്ന സാധാരണക്കാരായ ജനങ്ങൾ വൻ നിരക്ക് നൽകി പുറത്ത് സ്കാൻ ചെയ്യുന്നത് കണക്കിലെടുത്ത് ആശുപത്രിയിൽ റേഡിയോളജിസ്റ്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) റേഡിയോളജിസ്റ്റിനെ കോൺട്രാക്ട് അടിസ്ഥാനത്തിൽ തുടർന്നും നിയമിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) റേഡിയോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) റേഡിയോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ